## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3414** **12.12.2014-ൽ മറുപടിക്ക്**

### രാജീവ് ആവാസ് യോജന (RAY)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൻ എ നെല്ലിക്കുന്ന് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | രാജീവ് ആവാസ് യോജന (RAY) പദ്ധതി മുഖേന കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | നഗരസഭകളിൽ പദ്ധതി നിർവ്വഹണത്തിനായി നിലവിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സെല്ലുകൾക്ക് കൂടുതൽ ഉത്തരവാദിത്വവും പങ്കാളിത്തവും നൽകി പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കുക എന്നതാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഉദ്ദേശലക്ഷ്യം. |
| സി) | ഇത് രൂപീകരിക്കുന്നതുമൂലം ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും മറ്റും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം തുടർന്നും ലഭിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | സി) | ലഭിക്കും. നഗരസഭയിൽ തിരഞ്ഞെടുക്കപ്പെട്ട ചേരികളിലുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് നഗരസഭകൾ തന്നെയായിരിക്കും. RAY പദ്ധതി നടപ്പിലാക്കുന്ന എല്ലാ നഗരങ്ങളിലും നഗരതല അവലോകന വിലയിരുത്തൽ സമിതി (സിഎൽആർ & എംസി) രൂപീകരിച്ചിട്ടുണ്ട്. നഗര അഗ്ലോമറേഷൻ തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് ലീഡ് നഗരസഭയുടെ മേയർ/ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി ആയിരിക്കും. |

സെക്ഷൻ ഓഫീസർ